# വാസ്തുവിദ്യാപാരമ്പര്യവും കേരളീയ ആലയ നിർമ്മിതിയും

കെ. ബീന*

വാസ്തുവിന് പാർപ്പിടം എന്നയർത്ഥമാണ് അമരകോശം നൽകുന്നത്. വാസസ്ഥാനത്തിന് വേണ്ടിയുള്ള ശില്പവിദ്യയാണ് വാസ്തു ശാസ്ത്രം. പുരാണം, സംഹിത, ആഗമം, ശാസ്ത്രം ഇവയിലെല്ലാം വാസ്തു വിദ്യയെ വേദാംശമായാണ് പരിഗണിക്കുന്നത്. സ്ഥാപത്യവേദം എന്നുകൂടി ഇതറിയപ്പെടുന്നു. സംഹിതയിൽ ഒഴിച്ച്കൂടാനാകാത്ത ഒന്നായി വാസ്തുവിനെ കണക്കാക്കുന്നു. അഗ്നിപുരാണം ആറുപടലങ്ങളിൽ വാസ്തുശാസ്ത്ര വിവരണം നൽകുന്നു. പതിനെട്ട് വാസ്തു ആചാര്യന്മാ (സ്ഥപതികൾ) രെക്കുറിച്ച് ഇതിൽ പറയുന്നുണ്ട്. പഞ്ചസംഹിതകളിൽ ഉൾപ്പെടുന്ന അർത്ഥ ശാസ്ത്രത്തിൽ നിർമ്മിതിയുടെ അളവ്കോലുകൾ, കോട്ടകൾ, കിടങ്ങുകൾ, വീഥികൾ കെട്ടിടങ്ങൾ എന്നിവയുടെ ശാസ്ത്രീയ വിവരണം കൗടില്യൻ നൽകുന്നു. സുഖവാസ സ്ഥാന നിർമ്മിതിയുടെ തന്ത്രങ്ങളും നിറം പകരലിനുള്ള നിർദ്ദേശങ്ങളും നാട്യശാസ്ത്രം രണ്ടാംപടലം ചർച്ച ചെയ്യുന്നുണ്ട്. ആഗമങ്ങളിലേയും സംഹിതകളിലേയും തന്ത്രങ്ങളിലേയും ക്രിയാപദവിഭാഗത്തിലാണ് വാസ്തുശാസ്ത്രം പരാമർശിക്കപ്പെടുന്നത്. ക്ഷേത്രനിർമ്മിതി, വിഗ്രഹനിർമ്മാണ ശാസ്ത്രം എന്നിവയുടെ ശാസ്ത്രീയ വിവരണം ഇതിലുണ്ട്. വാസ്തുശാസ്ത്ര ഗ്രന്ഥങ്ങളുടെ ക്രോഡീകരണമാണ് തന്ത്ര സമുച്ചയവും ശില്പരത്നവും. തന്ത്രസമുച്ചയ പരിഭാഷയും ഭാഷാശില്പരത്നവും മനുഷ്യാലയചന്ദ്രികാ വ്യാഖ്യാനങ്ങളും മലയാളത്തിൽ വാസ്തുശാസ്തരപഠനത്തിന് ആധാരമായ ഗ്രന്ഥങ്ങളാണ്.

പ്രകൃതിയും മനുഷ്യനും തമ്മിലുള്ള അഭേദ്യബന്ധത്തിന്റെ പ്രത്യക്ഷരൂപങ്ങളാണ് ഓരോ വാസസ്ഥാനവും. വാസ്തുവിദ്യാ തത്വങ്ങളും പ്രയോഗങ്ങളും പ്രകൃതിയോട്

* *അസി. പ്രൊഫസർ, മലയാള വിഭാഗം, ഗവ. കോളേജ്, നെടുമങ്ങാട്*

മനുഷ്യനെ ചേർത്ത് നിർത്തുന്നു. പ്രാചീനകാലത്ത് പരിസ്ഥിതി സംയോജകമായിരുന്നു വാസസ്ഥലങ്ങൾ. ഗൃഹസ്ഥൻമാർക്ക് വീടും ഉപാസകർക്ക് ദേവാലയങ്ങളും ശാസ്ത്രവിധിപ്രകാരം നിർമ്മിക്കപ്പെട്ടിരുന്നു. ഭൗതികവും താത്ത്വികവുമായ ഘടകങ്ങളും വാസ്തു ആചാര്യന്റെ (സ്ഥാപതി) ഉൾക്കാഴ്ചയും വാസ്തുശാസ്ത്ര പ്രയോഗത്തെ സ്വാധീനിക്കുന്നു. നിർമ്മിതി ശാസ്ത്രത്തിന്റെ ചരിത്രം പരിശോധിച്ചാൽ ബൈബിളിൽ പരാമർശിതമായിരിക്കുന്ന നോഹയുടെ പെട്ടകം, ബാബേലിലെ ഗോപുരം, ദേവാലയങ്ങൾ, ഈജിപ്റ്റിലെ പിരമിഡുകൾ, സോളമന്റെ കൊട്ടാരം ഇവയെല്ലാം തന്നെ കൃത്യമായ അളവ് പ്രകാരം നിർമ്മിക്കപ്പെട്ടവയാണെന്ന് കാണാം. അതുപോലെ ഭാരതീയ ഇതിഹാസങ്ങളായ രാമായണ-ഭാരതാദികളിൽ പ്രതിപാദിതമായ കോട്ടകളും കൊട്ടാരങ്ങളും ഹസ്തിനപുരിയും ലങ്കയും പാണ്ഡവരാജധാനിയും എല്ലാംതന്നെ വാസ്തുവിധിപ്രകാരമുള്ള നിർമ്മിതികളായി കാണപ്പെടുന്നു.

പ്രാചീന നിർമ്മിതികളെല്ലാം തന്നെ പ്രപഞ്ചസന്തുലനത്തിന് കോട്ടംതട്ടാതെ പരിസ്ഥിതി സൗഹൃദപരമായ സൃഷ്ടികളായിരുന്നു. മണ്ണും മണ്ണിൽ പാകം വരുത്തിയ ഇഷ്ടികയും മണ്ണിൽ നിന്നുതന്നെ നിർമ്മിച്ച ഓടുകളും വൃക്ഷത്തിന്റെ ഭാഗങ്ങളും ഒക്കെ ച്ചേർന്ന് പ്രകൃതിതന്നെ രൂപഭേദത്തോടെ നിലകൊള്ളുന്നതായിരുന്നു ഓരോ സുഖവാസസ്ഥാനങ്ങളും. മണ്ണിനോട് മനുഷ്യനെ ചേർത്ത് നിർത്തിയിരുന്നു ഓരോ നിർമ്മിതിയും. ഹാരപ്പയിലേയും, മോഹൻജദാരോയിലേയും അവശിഷ്ടങ്ങൾ ഇതിന് തെളിവാണ്. പ്രാചീന സ്മാരകങ്ങൾ, രാജകൊട്ടാരങ്ങൾ, നഗരങ്ങൾ, ക്ഷേത്രനിർമ്മിതികൾ, ഭവനങ്ങൾ എല്ലാം പ്രാചീന ഭാരതീയ വാസ്തുവിദ്യയുടെ പ്രാഗത്ഭ്യം വിളിച്ചോതുന്നവയാണ്. ബുദ്ധകാലഘട്ടം മുതൽക്കാണ് ഭാരതത്തിൽ സ്ഥായിയായ ഭവനനിർമ്മിതികൾ ആരംഭിച്ചതെന്ന് കരുതപ്പെടുന്നു.

ശാസ്ത്രവും വിശ്വാസവും കൂട്ടിയിണക്കി മനഃശാസ്ത്ര വിശകലനത്തിലൂന്നിയാണ് വാസ്തുവിദ്യ പ്രയോഗിച്ചിരുന്നത്. ഉത്തമഭൂമിയെ നിരീക്ഷിക്കൽ മുതൽ (ഭൂപരിഗ്രഹം) അധമഭൂമിയെ ശ്രേഷ്ഠമാക്കാനുള്ള വിധികൾ വരെ വാസ്തുശാസ്ത്രം പറയുന്നുണ്ട്. ഭൂമിയുടെ രൂപം, നിറം, ഗന്ധം, സസ്യലതാദികളുടെ വളർച്ച, മണ്ണിന്റെ ഗുണനിലവാരം, ഉറപ്പ്, നീരൊഴുക്ക്, ദേശത്തിന്റെ ചരിവ് ഇവയെല്ലാം പരിഗണിച്ചാണ് വാസസ്ഥാന നിർമ്മിതിക്കുള്ള സ്ഥലം നിർണ്ണയിച്ചിരുന്നത്. മനുഷ്യാലയചന്ദ്രികയിൽ ശ്രേഷ്ഠഭൂമിയെക്കുറിച്ച് വിവരിക്കുന്നത് ഇപ്രകാരമാണ്.

‘ഗോമർത്ത്യൈഃ ഫലപുഷ്ടദുഗ്ദ്ധതരുഭി-
ശ്ചാഢ്യാ സമാ പ്രാക്പ്ലവാ
സ്നിഗ്ദ്ധാ, ധീരരവാ പ്രദക്ഷിണ ജലോ-
ചേതാ$ff$ശു ബീജോദ്ഗമാ
സം പ്രോക്താ ബഹുപാംസുരക്ഷയ ജലാ
തുല്യാച ശീതോഷ്ണായോഃ

ശ്രേഷ്ഠാ ഭൂരധമാ സമുക്തവിപരീ
താ മിശ്രിതാ മദ്ധ്യമാ-' (ശ്ലോകം-18)

(പശുക്കളും മനുഷ്യരും ഉപയോഗശൂന്യങ്ങളായ ഫലവൃക്ഷങ്ങളും പുഷ്പവൃക്ഷങ്ങളും പാൽവൃക്ഷങ്ങളും ധാരാളമുള്ളതും കുന്നും കുഴിയുമില്ലാതെ സമനിരപ്പായിരിക്കുന്നതും കിഴക്കോട്ട് നീരൊഴുക്കുള്ളതും മിനുപ്പുള്ള മണ്ണോട് കൂടിയതും ചവുട്ടിയാൽ ഗംഭീരശബ്ദമുള്ളതും പ്രദക്ഷിണമായി ഒഴുകുന്ന ജലാശയങ്ങളോട് കൂടിയതും വിത്തുകൾ വിതച്ചാൽ ക്ഷണത്തിൽ മുളയ്ക്കുന്നതും ഒരു കുഴി കുഴിച്ച് അതിൽ നിന്ന് എടുത്ത മണ്ണ് അതിൽതന്നെ നിറച്ചാൽ മണ്ണ് ശേഷിക്കുന്നതും വേനൽകാലത്ത് കൂടി ധാരാളം വെള്ളം ലഭിക്കുന്നതും തണുപ്പോ ചൂടോ അധികമില്ലാതെ സമമായിരിക്കുന്ന കാലാവസ്ഥയോട് കൂടിയ ഭൂമി ഉത്തമമാകുന്നു. ഇതിന് വിപരീതമായുള്ളത് അധമവും രണ്ട് ലക്ഷണവും കൂടികലർന്നിരിക്കുന്നത് മദ്ധ്യമവും ആകുന്നു.)

ചതുർവിധ ശില്പികളെക്കുറിച്ച് പരാമർശിക്കുന്നത്

'സ്ഥപതീഃ സൂത്രഗ്രാഹീ

തക്ഷകസംജ്ഞാശ്ച വർദ്ധകി ക്രമശഃ

സ്വോചിതകർമ്മിണി ദക്ഷാ

ഗ്രാഹ്യാ സ്തോകാരവശ്ചതുർത്ഥേതി' എന്നാണ്

(ശില്പചാതുർവിധ്യം- മനുഷ്യാലയചന്ദ്രിക - ശ്ലോകം-11)

(ഒന്ന്, സ്ഥപതി (മുഖ്യശില്പി/ ആചാര്യൻ, രണ്ട് സൂത്രഗ്രാഹി (മേൽനോട്ടക്കാരൻ) മൂന്ന് വർദ്ധകി (ചായംതേക്കുന്നയാൾ) നാല് തക്ഷകൻ (മൂത്താശാരി) എന്നിങ്ങനെ നാലുവിധം ശില്പികൾ) മാത്രമല്ല, സ്ഥപതിയെന്ന ശില്പി സകല ശാസ്ത്രങ്ങളും പഠിച്ച് യോഗ്യതയാർന്നവനാകണം. നിശ്ചയമാനസനും സത്യവും ശുദ്ധിയും സദാചാര ബോധമുള്ളവനും ധർമ്മതത്പരനും മത്സരാദി ദോഷങ്ങളില്ലാത്തവനും സത്യം പറയുന്നവനുമായിരിക്കണമെന്നുകൂടി ഗ്രന്ഥം അനുശാസിക്കുന്നു. പലവിധത്തിലുമായി പറഞ്ഞ ഭൂമിപരീക്ഷ , ദിക്കുകളുടെ സൂക്ഷ്മീകരണം , ശുഭമായ വീഥിയെ സ്വീകരിക്കുക, ഗൃഹങ്ങളുടെ വലിപ്പവും അളവുകളും നിശ്ചയിക്കുക, അങ്കണം, തറ മുതലായവ ഗൃഹാങ്ഗവയവങ്ങളേയും തൊഴുത്ത് , പടിപ്പുര മുതലായ ഉപഗൃഹങ്ങളേയും നിശ്ചയിക്കുക എന്നിങ്ങനെ ഗൃഹനിർമ്മാണ വിധിയും വാസ്തുശാസ്ത്രം നിർദ്ദേശിക്കുന്നു.

## കേരളീയ വാസ്തുവിദ്യാ മാതൃകകൾ

## ശാലാഭവനങ്ങൾ - പരിസ്ഥിതി സൗഹൃദാലയങ്ങൾ

ഒരു പ്രത്യേക ശാഖയായി കേരളീയ വാസ്തുവിദ്യ എടുത്തുപറയാൻ കഴിയില്ല. ഗൃഹനിർമ്മാണത്തിലെ മേൽക്കൂര നിർമ്മിതിയിൽ കേരളത്തിന്റേതായ തനതുരീതി നിലനിന്ന് പോരുന്നുണ്ട്. നാലുകെട്ടുകളുടെ മാതൃകകൾ മദ്ധ്യേഷ്യയിലും ആര്യ സംസ്കാരത്തിലും

കാണുന്നുണ്ട്. വാസ്തുശാസ്ത്ര ഗ്രന്ഥങ്ങളിൽ പ്രതിപാദിക്കുന്ന വിധത്തിലുള്ള ശാലാ ഗൃഹങ്ങൾ കേരളത്തിൽ നിലിനിന്നിരുന്നു. പരിസ്ഥിതി സൗഹൃദപരമായി നിർമ്മിക്കപ്പെട്ട നാലുകെട്ടുകൾ എന്നറിയപ്പെടുന്ന ഭവനങ്ങളാണ് ഇത്തരം ശാലകൾ. ഭോജരാജന്റെ സമരഞ്ജന സൂത്രധാര എന്ന ഗ്രന്ഥത്തിൽ പാർപ്പിടത്തിന്റെ അടിസ്ഥാന മാതൃകകളായ നാലുശാലകളെക്കുറിച്ചും അവയുടെ സംയോജനം കൊണ്ട് സൃഷ്ടിക്കുന്ന ആറു മാതൃക കളെക്കുറിച്ചും വിവരിക്കുന്നുണ്ട്. ഏകശാല, ദ്വിശാല, ത്രിശാല, ചതുഃശാല എന്നിവയാണ് അടിസ്ഥാന മാതൃകകൾ. അങ്കണവും ചുറ്റുമുറികളും ആയിട്ടാണ് ഇതിന്റെ രൂപകല്പന. പഞ്ചശാല, ഷഢ്ശാല, സപ്തശാല, അഷ്ടശാല, നവശാല, ദശശാല എന്നിവയാണ് മറ്റ് ആറ് മാതൃകകൾ.

ഒറ്റവീടാണ് ഏകശാല. നാല് മുഖ്യ ദിക്കുകളിലൊന്ന് അഭിമുഖമായിരിക്കും. സമരജ്ഞന സൂത്രധാരയിൽ പതിനഞ്ചുതരം ഏകശാലകളെക്കുറിച്ച് പ്രതിപാദിക്കുന്നു. രണ്ട് ബ്ലോക്കു കൾ ചേർന്നതാണ് ദ്വിശാല, ആറുതരം ദ്വിശാലകളെക്കുറിച്ച് വാസ്തു ഗ്രന്ഥങ്ങൾ പരാമർശിക്കുന്നുണ്ട്. മൂന്ന് ബ്ലോക്കുകൾ ഉള്ള ഭവനങ്ങളാണ് ത്രിശാലകൾ. ഇത് നാല്തരം ഉണ്ട് അങ്കണത്തിന് ചുറ്റുമുള്ള നാലുകെട്ടാണ് ചതുർശാല ബൃഹത് സംഹിതയിൽ അഞ്ചു തരം നാലുകെട്ടുകളെക്കുറിച്ച് പറയുന്നുണ്ട്. സർവ്വതോഭദ്രം, നന്ദ്യാവർത്തം, വർദ്ധമാനം, സ്വസ്തികം, രുചകം എന്നിവയാണ് അവ.

## വാസ്തുപുരുഷനും ഭവനനിർമ്മിതിയും

വാസ്തുപുരുഷ മണ്ഡലം എന്ന സങ്കല്പത്തിൽ അധിഷ്ഠിതമായ ഭവനനിർമ്മിതി യാണ് വാസ്തുശാസ്ത്രം അനുശാസിക്കുന്നത്. ശാസ്ത്രീയമായി ഉണ്ടാക്കപ്പെട്ട ചതുര ങ്ങളുടെ സമ്മേളനത്താൽ സംവിധാനം ചെയ്യപ്പെട്ട ചാർട്ടാണ് വാസ്തുപുരുഷ മണ്ഡലം ഈശ്വരസങ്കല്പം കൊണ്ട് വിശ്വാസാധിഷ്ഠിതമാക്കി ഈ ഗ്രാഫിക് ചാർട്ട് ഉപയോഗിച്ച് നിർമ്മിതിക്കുള്ള പ്ലാൻ കണ്ടെത്തുന്നു. വീടുകളുടേയും ദേവാലയങ്ങളുടേയും ഫ്ളാറ്റുകളുടേയും ഒക്കെ നിർമ്മിതിക്ക് ഈ ഗ്രാഫിക് ചാർട്ട് ഉപയോഗിക്കുന്നുണ്ട്. ഗുരുത്വാകർഷണ കേന്ദ്രീകൃത സന്തുലിതത്വവും ഇത്തരം ക്രമീകൃത വിന്യാസ വിധി കൊണ്ട് സാധിക്കുന്നു. മാത്രമല്ല ഭൂമികുലുക്കം പോലുള്ള പ്രകൃതിക്ഷോഭങ്ങളെ അതിജീ വിക്കുവാനും ഇത്തരം നിർമ്മിതികൾ കഴിയുന്നുണ്ടെന്ന് വാസ്തുശാസ്ത്രം പറയുന്നു. പത്തു ദിക്കിലേയ്ക്ക് നിർമ്മിതിയെ സന്തുലനം ചെയ്യാനും ഈ വിന്യാസ വിധിക്ക് സാധി ക്കുന്നു. അളവുകളിൽ പാലിച്ചിരുന്ന സൂക്ഷ്മത ശ്രദ്ധേയമാണ്. പരമാണുവാണ് ഏറ്റവും ചെറിയ ഏകകം. വിഗ്രഹങ്ങൾക്കും കെട്ടിടങ്ങൾക്കും പൊതുവായി ഉപയോഗിച്ചിരുന്ന ഏകകങ്ങൾ അംഗുലവും ഹസ്തവുമായിരുന്നു. 32 പ്ളാനുകൾ അടിസ്ഥാനമാക്കിയാ ണ് വാസ്തു പുരുഷ മണ്ഡലം നിർമ്മിതികളെ നിശ്ചയിച്ചിരുന്നത്. ഒറ്റ ഖണ്ഡമുള്ള മണ്ഡലം (ശകലം) മുതൽ 1024 ഖണ്ഡങ്ങളുള്ള മണ്ഡലം (ഇന്ദ്രകാന്തം) മണ്ഡലം വരെയുണ്ട്. 64 ഖണ്ഡങ്ങളുള്ള മണ്ഡൂകവും നൂറ് ഖണ്ഡങ്ങളുള്ള ആസനവും ക്ഷേത്ര നിർമ്മിതിക്ക് ഉപയോഗിക്കുന്നു. 81 ഖണ്ഡങ്ങളുള്ള 'പരമസായിക' പാർപ്പിടങ്ങൾക്ക് ഉപയോഗിക്കപ്പെട്ടു.

പ്രാചീനകേരളീയ ഗൃഹനിർമ്മാണ രീതി ഇവിടത്തെ അന്തരീക്ഷ താപനിലയ്ക്കും കാറ്റിന്റെ ഗതിക്കും ഭൂപ്രദേശങ്ങളുടെ കിടപ്പിനും നീരൊഴുക്കിനും അനുയോജ്യമായ വിധത്തിൽ ചിട്ടപ്പെടുത്തിയവയായിരുന്നു. ആധുനിക എഞ്ചിനീയറിംഗ് ഉപയോഗിച്ച് ഇന്ന് നിർമ്മിക്കപ്പെടുന്ന കെട്ടിടങ്ങൾ കേരളീയ ഭൂപ്രകൃതിക്ക് അനുയോജ്യമോ പരിസ്ഥിതി സൗഹാർദ്ദപരമോ ആകാതെ വരുന്നു. പാരമ്പര്യ രീതിയിലേക്കുള്ള തിരിച്ച് പോകൽ അനയാസം സാധ്യമാകാത്ത രീതിയിൽ കേരളീയ ഭൂപ്രകൃതി മാറ്റി മറിക്കപ്പെട്ടു. പുതിയ ടെക്നോളജി ഉപയോഗിച്ച് കൊണ്ട് തന്നെ പരിസ്ഥിതി സൗഹൃദ ആലയങ്ങൾ നിർമ്മിക്കാനുള്ള ശ്രമമാണ് കേരളത്തിൽ ഉണ്ടാകേണ്ടത്.

വീടുകളുടെ നിറത്തിലും കേരളീയ പ്രകൃതി കുമ്മായ വെണ്മയായിരുന്നു. ശുചിത്വത്തിന്റെ വെണ്മയും പ്രത്യാശയുടെ ഹരിത വർണ്ണവും ആകാശ നീലിമയും കേരളീയ ചുവരുകളെ വർണ്ണാഭമാക്കിയിരുന്നു. അതുപോലെ ചുമരുകളുടെ പ്രതലം ശബ്ദതരംഗ കമ്പനങ്ങളെകുറച്ച് കൊണ്ട് ശ്രവണപുടത്തിന്റെ ആരോഗ്യം സംരക്ഷിച്ചിരുന്നു. കൽച്ചുവരുകളും മൺവിരി ഇഷ്ടികകളും പരുക്കൻ ചുവരുകളും മരം കൊണ്ടുള്ള ഗൃഹോപകരണങ്ങളും വാതിൽപടികളും വീടിന് ചുറ്റും വളർത്തുന്ന സസ്യങ്ങളും ചേർന്ന പരിസ്ഥിതിയോടിണങ്ങി രൂപപ്പെട്ട സുഖവാസസ്ഥാനങ്ങളായിരുന്നു. പ്രാചീനകേരളീയ ഭവനങ്ങൾ. ഗുഹാസ്ഥാനങ്ങളും ഏറുമാടങ്ങളും പ്ലവനഗൃഹങ്ങളും കുടിലുകളും മൺവീടുകളും ശാലാഗൃഹങ്ങളും ഒക്കെ ചേർന്ന പരിസ്ഥി സൗഹൃദാലയങ്ങളുടെ കേദാരമായിരുന്നു പ്രാചീന കേരളം. കേരളീയർ പുതിയ ഗൃഹനിർമ്മാണ രീതികൾ അവലംബിക്കുമ്പോൾ ആധുനികതയും പാരമ്പര്യവും തീർച്ചയായും പുനർ വിചിന്തനത്തിന് വിധേയമാക്കേണ്ടതുണ്ട്.

## സഹായക ഗ്രന്ഥങ്ങൾ


1. *മനുഷ്യാലയചന്ദ്രിക- ചെറുവള്ളി നാരായണൻ നമ്പൂതിരി (വിവർത്തനവും വ്യാഖ്യാനവും) ഡി.സി. ബുക്ക്സ്, കോട്ടയം, 2007*
2. *കേരളീയ വാസ്തുവിദ്യാപാരമ്പര്യം - ഡോ. പി.വി.ഔസേഫ്, മാതൃഭൂമി ബുക്ക്സ് , കോഴിക്കോട്,2012.*
3. *വാസ്തു ആധുനിക യുഗത്തിൽ- ബി. നിരഞ്ജൻ റാവു, ഡി.സി.ബുക്ക്സ്, കോട്ടയം, 2007.*
4. *വാസ്തുവിദ്യാ - ഒരു മുഖവുര - എ. ബാലകൃഷ്ണൻ, കേരളാ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1977*
5. *ഫോക്‌ലോർ - ഡോ. രാഘവൻ പയ്യനാട്, കേരളാ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് തിരുവനന്തപുരം, 1997*
6. *വാസ്തുശാസ്ത്രം ഒരു സമഗ്ര പഠനം-ഡോ.പി.വി. ഔസേഫ്, ഡി.സി.ബുക്ക്സ്, കോട്ടയം, 2008*